"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- ഏഴാമത് സരസ് മേള തിരുവനന്തപുരം - 15.03.2022 തീയതിയിലെ സ.ഉ.(സാധാ) 632/2022/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ഡി.) വകുപ്പ്**

സ.ഉ.(സാധാ) നം.794/2022/LSGD തീയതി,തിരുവനന്തപുരം, 31-03-2022

---

പരാമർശം:- തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പിന്റെ 15.03.2022 തീയതിയിലെ സ.ഉ.(സാധാ) നം.632/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

2021-22 വർഷത്തിലെ സരസ് മേള തിരുവനന്തപുരം ജില്ലിയിലെ കനകക്കുന്ന് പാലസ് ഗ്രൗണ്ടിൽ വച്ച് 2022 മാർച്ച് 30 മുതൽ ഏപ്രിൽ 10 വരെ സംഘടിപ്പിക്കുന്നതിന് കുടുംബശ്രീക്ക് തുക അനുവദിക്കുന്നതിന് വേണ്ടി തിരുവനന്തപുരം ജില്ലയിലെ ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾക്കും തിരുവനന്തപുരം കോർപ്പറേഷനും യഥേഷ്ടനുമതി നൽകി പരാമർശം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, ടി ഉത്തരവിൽ മുൻസിപ്പാലിറ്റികൾ സരസ് മേളയുടെ നടത്തിപ്പിനായി നൽകേണ്ട വിഹിതത്തെപ്പറ്റിയും ത്രിതലപഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും കോർപ്പറേഷനും ഏത് ഫണ്ടിൽ നിന്നുമാണ് കുടുംബശ്രീക്ക് വിഹിതം നൽകേണ്ടതെന്നും വ്യക്തമാക്കിയിരുന്നില്ല.

2. ഈ സാഹചര്യത്തിൽ, 2021-22 വർഷത്തിലെ സരസ് മേളയുടെ നടത്തിപ്പിനായി തിരുവനന്തപുരം ജില്ലയിലെ മുൻസിപ്പാലിറ്റികൾ കൂടി 2 ലക്ഷം രൂപ വീതം കുടുംബശ്രീയ്ക്ക് നൽ കുന്നതിനും തിരുവനന്തപുരം ജില്ലയിലെ ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളുടെയും, മുൻസിപ്പാലിറ്റികളുടെയും കോർപ്പറേഷന്റെയും പദ്ധതി വിഹിതത്തിലെ അവശേഷിക്കുന്ന തുകയിൽ നിന്നോ തനതുഫണ്ടിൽ നിന്നോ സരസ് മേളയുടെ നടത്തിപ്പിനായുള്ള തുക കുടുംബശ്രീക്ക് നൽകുന്നതിനും യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശിത ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ

തിരുവനന്തപുരം ജില്ലയിലെ എല്ലാ ജില്ലാ/ ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

തിരുവനന്തപുരം ജില്ലയിലെ എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന

വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Nisam N**
**Date: 31-03-2022 13:11:27**

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി